## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4348      24.10.2016 ൽ - മറുപടിക്ക്

### റേഷൻ കടകളിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ അമിത വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി. ബൽറാം<br>,, പി.ടി. തോമസ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കടകളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയേക്കാൾ കൂടുതൽ ഈടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (എ) അപൂർവ്വം ചില അവസരങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻ കടകളിൽ റേഷൻ സാധനങ്ങളുടെ വിതരണതോത്, വിലവിവരപട്ടിക, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണമെന്ന് നിയമം മൂലം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, റേഷൻ സാധനങ്ങൾ നൽകുമ്പോൾ കാർഡുടമകൾക്ക് ബിൽ നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി നിയമം കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധനാ സമയത്ത് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ, നിയമലംഘനം നടത്തുന്ന റേഷൻ കട ലൈസൻസിക്ക് എതിരെ കർശന നിയമ നടപടി സ്വീകരിച്ച് പിഴ, സസ്പെൻഷൻ തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

*സെക്ഷൻ ഓഫീസർ*